ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം-14.

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - തിരുവനന്തപുരം പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ജീവനക്കാരിയുടെ മോശമായ പെരുമാറ്റം - സ്റ്റാഫ് നേഴ്സ് ശ്രീമതി.നിഷാബീവി.പിയെ-ക്കുറിച്ചുള്ള പരാതി ശ്രീമതി.നിഷാബീവി.പി-യെ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം-
1. 16.01.2016-ലെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ ഇ 1-209/2016/ഇ.എച്ച്.പി എന്ന കത്ത്.
2. 20.01.2016-ലെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ജോയിന്റ് ഡയറക്ടറുടെയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും സംയുക്ത അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നം.ഡി3-1071/2016/ഡി.ഐ.എം.എസ് തീയതി. 20.01.2016**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം പേരൂർക്കട ഇ,.എസ്.ഐ ആശുപത്രിയിലെ ഡ്യൂട്ടി നേഴ്സായ ശ്രീമതി.നിഷാബാവി.പി ഡ്യൂട്ടി ഡോക്ടറായ ഡോ.സെൻ ജോർജിനോട് 14.01.2016-ൽ അപമര്യാദയായി പെരുമാറി എന്നാരോപിച്ച് ആശുപത്രി സൂപ്രണ്ടിന് ഡോ.സെൻ ജോർജ് നൽകിയ പരാതി സൂപ്രണ്ടിന്റെ റിപ്പോർട്ട് സഹിതം പരാമർശം (1) പ്രകാരം ഈ ഓഫീസിൽ ലഭിച്ചിരുന്നു. ആശുപത്രി സൂപ്രണ്ടിന്റെ പ്രാഥമിക അന്വേഷണത്തിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിരുന്നത് .

മേൽ വിഷയം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ജോയിന്റ് ഡയറക്ടറെയും ചുമതലപ്പെടുത്തുകയും ടി ഓഫീസർമാർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.. അന്വേഷണ റിപ്പോർട്ടിൽ സ്റ്റാഫ് നേഴ്സായ ശ്രീമതി.നിഷാബീവി.പി കുറ്റക്കാരിയാണെന്ന് ബോദ്ധ്യമായിരിക്കുന്നതായും ഇതിന് മുമ്പും പല വീഴ്ചകളും അച്ചടക്കരാഹിത്യവും ടിയാളുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതുമായ സാഹചര്യത്തിൽ ടിയാളെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്നും ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു..

(......2)

ആശുപത്രിയിലെത്തിയ ഒരു രോഗിയുടെ ചികിത്സയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പരാതിയിൽ ഈ രോഗിയും അവരുടെ ബൈസ്റ്റാൻഡറും തന്നെ ഡ്യൂട്ടി നഴ്സ് ഡോക്ടറോട് മോശമായി ട്ടാണ് പെരുമാറിയതെന്ന് മൊഴി നൽകിയിട്ടുണ്ട്. ശ്രീമതി.നിഷാബീവി.പിയുടെ ഒരു സഹപാഠി ഒഴികെ മറ്റാരും തന്നെ ടിയാൾക്ക് അനുകൂലമായി മൊഴി രേഖപ്പെടുത്തിയിട്ടില്ല. ആശുപത്രിയിലെ മറ്റ് ഡോക്ടർമാരും ജീവനക്കാരും ശ്രീമതി.നിഷാബീവി.പിയുടെ പെരുമാറ്റം ശരിയായ രീതിയിലല്ല എന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

ശ്രീമതി.നിഷാബീവി.പി, ആശുപത്രിയിലെ മുൻ നഴ്സിംഗ് സൂപ്രണ്ടിനോട് മോശമായി പെരുമാറിയത് സംബന്ധിച്ച ഒരു ഫയൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

ശ്രീമതി.നിഷാബീവി.പി ടി ആശുപത്രിയോടനുബന്ധ ക്വാർട്ടേഴ്സ് ഒഴിയുന്ന സമയത്ത് ടിയാൾ അനധികൃതമായി നിർമ്മിച്ച മുറി ഇടിച്ചു പൊളിക്കാൻ ആരംഭിക്കുകയും പിന്നീട് പോലീസ് ഇടപെട്ട് നിർത്തിച്ചതും തുടർന്ന് ടിയാൾ വീണ്ടും മുറി കെട്ടികൊടുക്കാൻ ഇടയാക്കിയതുമായ സംഭവം ഉണ്ടായിട്ടുണ്ട്.

സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ട് നിന്നത് സംബന്ധിച്ച് ശ്രീമതി.നിഷാബീവി.പിയ്ക്കെതിരെ ഒരു ഫയൽ തീർപ്പാക്കാതെ നിലവിലുണ്ട്.

ശ്രീമതി.നിഷാബീവി.പി ടി ആശുപത്രിയിലെ സർജനായ ഡോ.ഷിബു ഡൊമിനിക്കിനോടും ഫിസിഷ്യനായ ഡോ.നീസായോടും പലതവണ മോശമായി പെരുമാറിയിട്ടുള്ളതായും മേലധികാരികളെ ഒട്ടുംതന്നെ വകവയ്ക്കാത്ത പ്രകൃതമാണ് ടിയാളുടേതെന്നും ആശുപത്രി സൂപ്രണ്ട് ഡോ.ഡി.വത്സല അറിയിച്ചിട്ടുണ്ട്.

പെരുമാറ്റച്ചട്ടങ്ങൾക്കുള്ളിൽ നിന്നു കൊണ്ട് പ്രവർത്തിയ്ക്കേണ്ട ഒരു സർക്കാർ ജീവനക്കാരി നിരന്തരം ചട്ടങ്ങൾ ലംഘിച്ച് പ്രവർത്തിയ്ക്കുന്നു എന്നാണ് ടിയാളുടെ മേൽ പ്രവർത്തികളിൽ നിന്നും മനസ്സിലാകുന്നത്.

(......3)

മേലധികാരിയെ വകവയ്ക്കാതെയും ആശുപത്രിയിലെ സഹപ്രവർത്തകരോട് സഹവർത്തിത്വത്തോടെ പെരുമാറാതെയും നിരന്തരം പ്രശ്നം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സ്റ്റാഫ് നേഴ്സായ ശ്രീമതി.നിഷാബീവി.പിയെ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിലനിർത്തുന്നത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതാണ് . ശ്രീമതി.നിഷാബീവി.പിയെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റി നിയമിക്കാനും അച്ചടക്കരാഹിത്യത്തിനും ചട്ടലംഘനത്തിനുമായി അച്ചടക്ക നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിരിക്കുന്നു..

ഈ സാഹചര്യത്തിൽ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ സ്റ്റാഫ് നേഴ്സായ ശ്രീമതി.നിഷാബീവി.പിയെ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ആറ്റിങ്ങൽ ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്റ്റാഫ് നേഴ്സായ ശ്രീമതി.പി.എൻ.ഉഷാദേവിയെ തിരുവനന്തപുരം പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

**ഡോ.എം.ബീനത്ത്**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

1. ശ്രീമതി.നിഷാബീവി.പി, സ്റ്റാഫ് നേഴ്സ്,
   ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട (സൂപ്രണ്ട് മുഖാന്തിരം)
2. ശ്രീമതി.പി.എൻ.ഉഷാദേവി, സ്റ്റാഫ് നേഴ്സ്,
   ഇ.എസ്.ഐ ഡിസ്പെൻസറി, ആറ്റിങ്ങൽ (ഐ.എം.ഒ മുഖാന്തിരം)

പകർപ്പ്-
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണമേഖല, കൊല്ലം
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ജോയിന്റ് ഡയറക്ടർ
4. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട
5. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ,
   ഇ.എസ്.ഐ ഡിസ്പെൻസറി, ആറ്റിങ്ങൽ
6. ഇ 5-സെക്ഷൻ
7. എസ്റ്റാബ്ലീഷ്മെന്റ് സെക്ഷൻ സൂപ്രണ്ട്
8. www.imskerala.gov.in
9. ഫയൽ/സ്റ്റോക്ക് ഫയൽ